കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

## മണമ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

**e-mail : lfadtvm@yahoo.in**
**dotvm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/328/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി : 14.05.2019
ഫോൺ. 04712331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മണമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണമ്പൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,
ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്, 4) സ്പെയർ.

# തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.05.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 56 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ.എസ്.ജെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.2019 മുതൽ 19.02.2019 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.സാബു.ജി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.വാലന്റീന.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അരുൺദേവ് വി.ആർ | ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അമ്പിളി പ്രകാശ് | 01/04/2017 മുതൽ 31/03/2018 വരെ |
| സെക്രട്ടറി | ശ്രീ.അബ്ദുൾ ജമീൽ | 01/04/2017 മുതൽ 11/06/2017 രാവിലെ വരെ |
| | ശ്രീ.സലിംകുമാർ.എസ് (സെക്രട്ടറി ഇൻ ചാർജ്) | 12/06/2017 രാവിലെ മുതൽ 18/07/2017 വരെ |
| | ശ്രീ.ഷാജഹാൻ.എ | 19/07/2017രാവിലെ മുതൽ 31/03/2018 വരെ |

## നിർവ്വഹണോദ്യോഗസ്ഥർ

| | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.സലിംകുമാർ.എസ് | 01/04/2017 മുതൽ 31/03/2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി.നിഖിത | 01/04/2017 മുതൽ 08/10/2017 വരെ |
| | ശ്രീമതി.ലക്ഷ്മി.വി | 09/10/17 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.അനിൽകുമാർ.പി | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശിവകുമാരി | 01/04/2017 മുതൽ 16/07/2017 വരെ |
| | ഡോ.രശ്മി | 17/07/2017 മുതൽ 31/03/2018 വരെ |
| വെറ്റിനറി സർജൻ | ഡോ.അഭിലാഷ്.ആർ | 01/04/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ - I | ശ്രീമതി.രാജലക്ഷ്മി.ബി | 01/04/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ - II | ശ്രീമതി.ഷജീറ | 01/04/2017 മുതൽ 13.09.2017 വരെ |
| | ശ്രീമതി.രാജലക്ഷ്മി.ബി (ഇൻ ചാർജ്) | 14.09.2017 മുതൽ 21.11.2017 വരെ |
| | ശ്രീ.സന്ദീപ് | 22.11.2017 മുതൽ 20.03.2018 വരെ |
| | ശ്രീമതി.രാജലക്ഷ്മി.ബി (ഇൻ ചാർജ്) | 21.03.2018 മുതൽ 31/03/2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ബീന.എ.എസ് | 01/04/2017 മുതൽ 31/03/2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീ.മുബീന.എ | 01/04/2017 മുതൽ 31/03/2018 വരെ |

| | | |
|---|---|---|
| എച്ച്.എം. | ശ്രീ.ഉണ്ണികൃഷ്ണൻ നായർ.കെ | 01/04/2017 മുതൽ 31/03/2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഇന്ദു.എസ്.വി | 01/04/2017 മുതൽ 31/03/2018 വരെ |

ഉള്ളടക്കം

ഭാഗം - I


| ക്രമ. നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.11 |
| 12 | ധനകാര്യപത്രികയിലെ അപാകതകൾ | 1.12 |


ഭാഗം- II

| ക്രമ. നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| 1 | *കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം* | 2-1 |
| 2 | ഭവന നിധി രൂപീകരിച്ചിട്ടില്ല | 2-2 |
| 3 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല | 2-3 |
| 4 | ലൈസൻസ്ഡ് മണിലെൻഡേഴ്സ് തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 2-4 |
| 5 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-5 |
| 6 | സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടം പൂർണ്ണമായും പാലിക്കുന്നില്ല | 2-6 |
| 7 | വളർത്തു നായ്ക്കളുടെ ലൈസൻസ് നൽകൽ/പുതുക്കൽ എന്നിവയിൽ കൃത്യതയില്ല | 2-7 |
| 8 | വർക്കേഴ്സ് വെൽഫയർ ഫണ്ട് - കളക്ഷൻ ചാർജ് ഈടാക്കിയത് ക്രമപ്രകാരമല്ല. | 2-8 |
| 9 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-9 |
| 10 | മൊബൈൽ ടവർ വസ്തു നികുതി ഈടാക്കിയിട്ടില്ല. | 2-10 |
| 11 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-11 |
| 12 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 2-12 |

ഭാഗം- III

| ക്രമ. നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 3-1 |
| 2 | നിഷ്ക്രിയമായ അക്കൗണ്ടുകൾ നിർത്തലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-2 |
| 3 | ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-3 |

| | | |
|---|---|---|
| 4 | സമയബന്ധിതമായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നില്ല. | 3-4 |
| 5 | പി.ഡബ്ല്യൂ.സി നിശ്ചയിച്ച തീയതിക്ക് മുൻകാല പ്രാബല്യത്തിൽ വാടകകുടിശ്ശിക നൽകി. | 3-5 |
| 6 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - വിലകൾക്ക് ഏകീകൃത സ്വഭാവമില്ല. | 3-6 |
| 7 | സേവന നികുതി ഒടുക്കു വരുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 3-7 |
| 8 | എ ബി സി പ്രോഗ്രാം - മുഴുവൻ രേഖകളും ഹാജരാക്കിയില്ല | 3-8 |
| 9 | പശു വളർത്തൽ പദ്ധതി - ബാങ്ക് ലോൺ അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3-9 |
| 10 | ഭവനപുനരുദ്ധാരണം - അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല | 3-10 |
| 11 | അർഹരായ ഗുണഭോക്താക്കളില്ല- പദ്ധതിപ്പണം വകമാറ്റുന്നു. | 3-11 |
| 12 | എസ്.സി. കുട്ടികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചില്ല. | 3-12 |
| 13 | സംയുക്ത പ്രോജക്ട്- ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ ശേഷിക്കുന്നു | 3-13 |
| 14 | ജാഗ്രതാ സമിതി- ബോർഡു സ്ഥാപിക്കലിൽ ഒതുങ്ങി. | 3-14 |
| 15 | എച്ച്.എം.സി രൂപീകരിച്ചിട്ടില്ല | 3-15 |
| 16 | പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങൽ - വ്യവസ്ഥകൾ പാലിച്ചില്ല | 3-16 |
| 17 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - കൈമാറിയ തുകക്കുള്ള മരുന്ന് ലഭ്യമായില്ല | 3-17 |
| 18 | എച്ച്.എം നിർവ്വഹണം നടത്തിയ പദ്ധതികൾ - രേഖകളുടെ അഭാവത്തിൽ 916123 /-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 3-18 |
| 19 | പദ്ധതി മോണിട്ടറിംഗ് - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല | 3-19 |
| 20 | ഓഡിറ്റ് ഇംപാക്റ്റ് | 3-20 |

ഭാഗം- IV



| ക്രമ. നം. | ഇനം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 | |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4.3 | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4.4 | |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4.5 | |
| 6 | ഓഡിറ്റ് റിക്കവറി | 4.6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4.7 | |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4.8 | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4.9 | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4.10 | |



# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18സാമ്പത്തിക വർഷത്തെ ബജറ്റ് 22.03.2017 ൽ അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 107739568/- രൂപയും പ്രതീക്ഷിത ചെലവ് 105000000/- രൂപയും നീക്കിയിരിപ്പ് 2739568/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 73997227/-രൂപയും ചെലവ് 59174490/- രൂപയും നീക്കിയിരിപ്പ് 14822737രൂപയുമാണ്.

9.02.2018 ലെ തീരുമാന നം III പ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട് ഇത് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 97739568/- രൂപയും ചെലവ് 95584274/- രൂപയും നീക്കിയിരിപ്പ് 2155294/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 14.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിന്റെ റിപ്പോർട്ട് കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1446/2018, 29.08.2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പെയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14910644 |
| വരവ് | 59086583 |
| ആകെ | 73997227 |
| ചെലവ് | 59174490 |
| നീക്കിയിരുപ്പ് | 14822737 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12059038 | 12059038 | 12059038 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8152396 | 8152396 | 8152396 | 0 |
| സി.എഫ്.സി | 0 | 4742809 | 4742809 | 4742809 | 0 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 94948 | 94948 | 94948 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 10128850 | 10128850 | 10128850 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 2727189 | 2727189 | 2727189 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 3326634 | 8205000 | 11531634 | 11379852 | 151782 |
| സഞ്ചയ എസ്.ബി.ഐ | 0 | 10972 | 10972 | 0 | 10972 |
| എം.ജി.എൻ.ആർ.ഇ.ജി.എ (ഫെഡറൽ ബാങ്ക്) | 516 | 868653 | 869169 | 861804 | 7365 |
| ദുരിതാശ്വാസനിധി | 1865 | 0 | 1865 | 0 | 1865 |
| എസ്.ജി.ആർ.വൈ | 1402 | 0 | 1402 | 0 | 1402 |
| സാക്ഷരത | 419 | 0 | 419 | 0 | 419 |
| ബി.ഫണ്ട് | 0 | 167400 | 167400 | 167400 | 0 |
| തനത് ഫണ്ട് | 11537765 | 11940300 | 23478065 | 8861718 | 14616347 |
| ക്യാഷ് | 42043 | 32585 | 74628 | 42043 | 32585 |

## 1-6 പദ്ധതി അവലോകനം

2017-18 സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതി കളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കി യവയുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി യത് | നടപ്പാ ക്കാ ത്തവ | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 3219000 | 9 | 3115400 | 0 | 0 | 100 |
| 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ എ) | 10 | 5992000 | 10 | 5737000 | 0 | 0 | 100 |
| 3 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ ബി) | 2 | 890000 | 1 | 90000 | 0 | 1 | 50 |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 3528400 | 7 | 2598395 | 0 | 3 | 70 |
| 5 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 2 | 961000 | 2 | 961000 | 0 | 0 | 100 |
| 6 | ഹെഡ്മാസ്റ്റർ | 6 | 1301511 | 6 | 1004216 | 0 | 0 | 100 |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 2370200 | 11 | 2054714 | 0 | 0 | 100 |
| 8 | വെറ്ററിനറി സർജൻ | 8 | 5840600 | 8 | 2670834 | 0 | 0 | 100 |
| 9 | സെക്രട്ടറി | 21 | 8436500 | 16 | 6462030 | 0 | 5 | 76 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 72 | 23007546 | 55 | 15116474 | 0 | 17 | 76 |
| 11 | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 836141 | 2 | 836140 | 0 | 0 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 6 | 1465000 | 6 | 1430960 | 0 | 0 | 100 |
| | ആകെ | 159 | 57847898 | 133 | 42077163 | 0 | 26 | 84 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 516 | 868653 | 869169 | 861804 | 7365 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11241529 | 11241529 | 11241529 | 0 |
| ആകെ | 516 | 12110182 | 12110698 | 12103333 | 7365 |

## 1-8 ക്ഷേമപദ്ധതികൾ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 167400 | 282 |
| കർഷകതൊഴിലാളി പെൻഷൻ | 2070900 | 194 |
| വിധവാ പെൻഷൻ | 12753800 | 1174 |
| വാർദ്ധക്യകാലപെൻഷൻ | 18883900 | 1940 |
| വികലാംഗ പെൻഷൻ | 3288700 | 334 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 149500 | 17 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.2019 ന് രാവിലെ 10.10 am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5470/- രൂപയുടെ ക്യാഷ് ബാലൻസ് ഉണ്ടെന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1) ലൈഫ് ഭവനപദ്ധതി മാർഗരേഖ ഉത്തരവ് സ.ഉ നം.151/2017/തസ്വഭവ തീയതി 31.07.2017 അനുശാസിക്കും പ്രകാരം ഭവനനിധി രൂപീകരിച്ചിട്ടില്ല.

2) ബജറ്റ് രൂപീകരണത്തിന് സമയക്രമം പാലിച്ചിട്ടില്ല. ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട

ഘടകസ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ബജറ്റ് വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കുന്നു.

3) 2017-18 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

4) പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീ ഈടാക്കി സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

5) അംഗനവാടികളുടെ സുരക്ഷിതത്വവും അറ്റകുറ്റ പണികളും ഉറപ്പാക്കുന്നത് സംബന്ധിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടില്ല.

6) 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് ചട്ടങ്ങൾ) പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ടെങ്കിലും ഹോമിയോ ഡിസ്പെൻസറിയിൽ ഇത്തരത്തിൽ എച്ച്.എം.സി രൂപീകരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31/10/18 | 08/18 മുതൽ 10/18 വരെ | 16/11/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19/03/14 | 2008/09 മുതൽ 2012/13 വരെ | 27/05/14 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

തൊഴിലുറപ്പ് പദ്ധതി ഭരണചെലവ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല. എ.എഫ്. എസ് പ്രകാരം ഭരണചെലവ് 599554/- രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 861864/- രൂപയാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടണം

കോൺട്രാക്ടേഴ്സ് ഇ.എം.ഡി ഇനത്തിൽ 1.10.2015 ന് 11501400003 നമ്പർ രസീത് പ്രകാരം 5000/- രൂപയും 28.12.2015 ന് 11501102374 നമ്പർ രസീത് പ്രകാരം 5000/- രൂപയും ഉൾപ്പെടെ 10000/- രൂപ അവശേഷിക്കുന്നു. പ്രസ്തുത തുക നാളിതുവരെ ക്ലെയിം ചെയ്യുകയോ തിരിച്ചു വാങ്ങുകയോ ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച് നടപടി സ്വീകിക്കേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റ് തുകകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും, തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോധ്യപ്പെടുത്തി അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്.

## 2-2 ഭവന നിധി രൂപീകരിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ,സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിനനുസൃതമായി ഗ്രാമ പഞ്ചായത്ത് നാളിതുവരെ ഭവന നിധി രൂപീകരിച്ചിട്ടില്ല. ഭവന നിധി

രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ,ഉദ്യോഗസ്ഥർ,കച്ചവടക്കാർ,സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്.വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്കും പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. എന്നാൽ 2017-18 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളവരുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 22 / 11.02.19 ന് പഞ്ചായത്ത് പരിധിയിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിൽ 2 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്നും മറുപടി ലഭിച്ചു . റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 2-4 ലൈസൻസ്ഡ് മണിലെൻഡേഴ്സ് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരമുള്ള ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപനതൊഴിൽനികുതി /ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010503455 | JAYAPRASAD | DEVI FINANCE | DEVI, XV/256, KAVALAYOOR, 15, KAVALAYOOR |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 / 11.02.19 ന് ടി സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ആവശ്യപ്പെട്ടെങ്കിലും ബഹു.ഹൈക്കോടതിയുടെ wp(c)No. 26260/2008(A) നമ്പർ ഉത്തരവ് പ്രകാരം തൊഴിൽ നികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേ ചെയ്തിരിക്കുന്നു എന്നാണ് മറുപടി ലഭിച്ചത്.

എന്നാൽ മേൽ ഉത്തരവിൽ ഈ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കുന്നതിന് സ്റ്റേ ചെയ്തിട്ടില്ല. ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണയ്ക്ക് വിടുന്നു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1) ഹെർക്കുലീസ് ആട്ടോമൊബൈൽസ് എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ പറയുന്ന ജീവനക്കാരുടെ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു.

| പേര് | സ്ഥാനപേര് | മാസ വരുമാനം | അർദ്ധവാർഷിക വരുമാനം | ഒടുക്കിയ നികുതി | ഒടുക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| അഖിൽ.എം | ടെക്നിക്കൽ അഡ്വൈസർ | 10000 | 60000 | 450 | 600 | 150 |
| ലാജി.സി.വി | ഡ്രൈവർ | 10000 | 60000 | 300 | 600 | 300 |
| വിഷ്ണു.ആർ.പി | മെക്കാനിക്ക് ട്രെയിനി | 4500 | 27000 | 120 | 180 | 60 |

2) 2017-18 രണ്ടാം അർദ്ധവർഷം കെ.എസ്.ഇ.ബി യിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/ 12.02.2019 ന് തൊഴിൽ നികുതി ഇനത്തിൽ കുറവു വന്ന തുക ഒടുക്കുന്നതിന് നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതാണെന്നും കെ.എസ്.ഇ.ബി ക്ക് പല പ്രാവശ്യം നോട്ടീസ് നൽകിയെങ്കിലും ആയത് ഒടുക്കിയിട്ടില്ല എന്നും മറുപടി ലഭിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടം പൂർണ്ണമായും പാലിക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്.

2017-18 സാമ്പത്തിക വർഷം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകങ്ങളുണ്ട്.

1) 2016-17 സാമ്പത്തിക വർഷം രജിസ്ട്രേഷൻ എടുത്തിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2017-18 രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | XVI / 291 | ഫാത്തിമ മെഡിക്കൽസ് |
| 2 | V/453 | അമാനിയ മെഡിക്കൽസ് |
| 3 | XVI/303 | ജ്യോതി മെഡിക്കൽസ് |

2) രജിസ്ട്രേഷൻ പുതുക്കുന്നതിൽ ചട്ടം 5 പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷ ലഭിച്ച തീയതി |
|---|---|---|---|
| 1 | XV/204 | ജനത ക്ലിനിക്ക് | 12/04/17 |
| 2 | XV/205 | നാഗാർജ്ജുന ആയുർവേദ മെഡിക്കൽ സ്റ്റോർ | 12/04/17 |
| 3 | XIII/681 I | ഭാരത് ക്ലിനിക്കൽ ലബോറട്ടറി | 26/04/17 |
| 4 | III/532,533 | ശ്രീമുരുക ക്ലിനിക്കൽ ലബോറട്ടറി | 21/04/17 |
| 5 | VI/44,45,46,47 | കെ.റ്റി.സി.റ്റി ആശുപത്രി | 08/08/17 |

3) ചട്ടം 3(2) പ്രകാരം രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സമയക്രമം പാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷ ലഭിച്ച തീയതി |
|---|---|---|---|
| 1 | VIII/342A,B | ഔഷധി ആയുർവേദ ഫാർമസി | അപേക്ഷ പ്രകാരം സ്ഥാപനം ആരംഭിച്ചത് 15.12.2016 ലാണെങ്കിലും അപേക്ഷ ലഭിച്ചിരിക്കുന്നത് 20.12.2016 ലാണ്. |
| 2 | III/142 | അമീന മെഡിക്കൽസ് | അപേക്ഷ തീയതി 04/07/2017 ലാണ് എന്നാൽ അപേക്ഷയിൽ സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. |

4) അപേക്ഷയോടൊപ്പം ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് യഥാസമയം ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അപേക്ഷ തീയതി | തുക ഒടുക്കിയ വിവരം(രജിസ്റ്റർ പ്രകാരം) |
|---|---|---|

| | | |
|---|---|---|
| ഔഷധി ആയുർവേദ ഫാർമസി | 20/12/16 | 117010100232 / 19.04.17 |
| ശ്രീമുരുക ക്ലിനിക്കൽ ലബോറട്ടറി | 21/04/17 | 117010101183 / 02.06.17 |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.31/13.02.2019 ന് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ കൃത്യമായും പാലിച്ച് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രജിസ്ട്രേഷനില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-7 വളർത്തു നായകളുടെ ലൈസൻസ് നൽകൽ / പുതുക്കൽ എന്നിവയിൽ കൃത്യതയില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളെയോ പന്നികളെയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്. ചട്ടം 4(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതിൽ പറയുന്ന തീയതിക്ക് മുൻപായി പട്ടി, പന്നി എന്നിവ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും അങ്ങനെയുള്ള ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള ഗ്രാമപഞ്ചായത്തിന്റ ലൈസൻസിനായി അതിന്റെ പ്രായം, നിറം, ഇനം മുതലായ വിവരങ്ങൾ കാണിച്ചുകൊണ്ട് 10 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ചട്ടം 4(7) പ്രകാരം ലൈസൻസ് നൽകുന്നതും അത് പുതുക്കുന്നതും സംബന്ധിച്ച് വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകങ്ങളുണ്ട്

1) രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷം 77എണ്ണത്തിന് ലൈസൻസ് നൽകിയിട്ടുണ്ട് എന്നാൽ 2017-18 സാമ്പത്തിക വർഷം ആകെ 26 എണ്ണത്തിനു മാത്രമാണ് ലൈസൻസ് നല്കിയിട്ടുള്ളത്.

2) വികസന രേഖ മൃഗസംരക്ഷണം ക്ഷീരവികസന മേഖല – അവസ്ഥാ വിശകലനം 1.1.9 പ്രകാരം (പേജ് 64) ആകെ വളർത്തു നായ്ക്കളുടെ എണ്ണം 868 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് ഇതിൽ 65 എണ്ണം ലൈസൻസ് ഉള്ളവയായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ 2017-18 ൽ പൂർണ്ണമായും ലൈസൻസ് പുതിക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലുള്ള വളർത്തുനായകൾക്ക് ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ഈ

ഇനത്തിൽ ലൈസൻസ് ഫീസായി പഞ്ചായത്തിന ലഭിക്കേണ്ടതായ തുക പൂർണ്ണമായും ഈടാക്കുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-8 വർക്കേഴ്സ് വെൽഫയർ ഫണ്ട് - കളക്ഷൻ ചാർജ് ഈടാക്കിയത് ക്രമപ്രകാരമല്ല.

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2017-18സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ ആകെപ്രവൃത്തി മൂല്യത്തിൽ നിന്നും .01% കളക്ഷൻ ചാർജ്ജായി ഈടാക്കി വരുന്നു. ആയത് ക്രമപ്രകാരമല്ല. വർക്കേഴ്സ് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന ഒരു ശതമാനം തുകയിൽ നിന്നുമാണ് 1% കളക്ഷൻ ചാർജ്ജായി ഈടാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടത്. ഭാവിയിൽ ഇത്തരം ന്യൂനതകൾ ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 62070/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-10 മൊബൈൽ ടവർ വസ്തു നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 16- ാം വാർഡിൽ 585 എ നമ്പർ നൽകിയിട്ടുള്ള ബി.എസ്.എൻ എൽ മൊബൈൽ ടവറിന്റെ നികുതി വർഷങ്ങളായി ഈടാക്കുന്നില്ല. വിശദാംശം (സഞ്ചയ പ്രകാരം) ചുവടെ ചേർക്കുന്നു.

| SL.No | Year | Period | Pro.Tax | LC | ServiceTax | TotalTax |
|---|---|---|---|---|---|---|
| 1 | 2013-2014 | Ist Half | 8250 | 413 | 1403 | 10066 |
| 2 | 2013-2014 | IInd Half | 8250 | 412 | 1402 | 10064 |
| 3 | 2014-2015 | Ist Half | 8250 | 413 | 1403 | 10066 |
| 4 | 2014-2015 | IInd Half | 8250 | 412 | 1402 | 10064 |
| 5 | 2015-2016 | Ist Half | 8250 | 413 | 1403 | 10066 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 2015-2016 | IInd Half | 8250 | 412 | 1402 | 10064 |
| 7 | 2016-2017 | Ist Half | 8250 | 413 | 1403 | 10066 |
| 8 | 2016-2017 | IInd Half | 8250 | 412 | 1402 | 10064 |
| 9 | 2017-2018 | Ist Half | 8250 | 413 | 1403 | 10066 |
| 10 | 2017-2018 | IInd Half | 8250 | 412 | 1402 | 10064 |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 32 / 13.02.2019 ന് പലതവണ റിക്കവറി നോട്ടീസ്, ഡിമാന്റ് നോട്ടീസ് എന്നിവ നൽകിയിട്ടും നാളിതുവരെ തുക അടവാക്കിയിട്ടില്ലാത്തതിനാൽ ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് അടിയന്തിരമായി തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിററിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 2-11 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള ചുവടെ പറയുന്ന കരാറുകാരിൽ നിന്ന് അവരുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | വിലാസം |
|---|---|---|
| 1 | ശശികുമാർ | മൂഴിവിളാക്കത്ത് വീട്, ആലംകോട് |
| 2 | കെ.എസ്.സുഭാഷ് ബാബു | കൊന്നവിള വീട്, തട്ടത്തുമല |
| 3 | നഹാസ്.എ | ബിസ്മില്ല, കുളമുട്ടം |
| 4 | ജോയ്.ജി | സത്യമന്ദിരം, മണമ്പൂർ |
| 5 | സുനിൽകുമാർ.എസ് | അലങ്കാരത്തിൽ കല്ലമ്പലം |
| 6 | സുൽഫീക്കർ | തോന്നിക്കൽ, മാടൻവിള, പെരുമാതുറ |
| 7 | ഗോവിന്ദരാജ് സെൻ | ശ്രീലങ്കാപുരി, ചെറുന്നിയൂർ |
| 8 | സജീഷ് കുമാർ | സന്തോഷ് വില്ല, എൽ.എം.എസ് ജംഗ്ഷൻ, ആറ്റിങ്ങൽ |
| 9 | ബാജി.എം | വടക്കേ ബംഗ്ലാവ്, മണനാക്ക് |
| 10 | വിജയൻ.പി | കൈലാസ്, പെരുങ്കുളം |

| | | |
|---|---|---|
| 11 | ഷിജിൻ.എസ്.എച്ച് | എസ്.എച്ച് കോട്ടേജ്, മണനാക്ക്, പെരുങ്കുളം |

തൊഴിൽനികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 2-12 ട്രേഡ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ട്രേഡ്സ് ലിസ്റ്റ് പ്രകാരവും സഞ്ചയ പ്രകാരവും സ്ഥാപനങ്ങളുടെ എണ്ണത്തിൽ വലിയ വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് | 100 ച.മി വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ | 100 ച.മി മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ | 200ച.മി മുകളിൽ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | അകെ സഞ്ചയ പ്രകാരം | ട്രേഡ്സ് ലിസ്റ്റ് പ്രകാരം |
|---|---|---|---|---|---|
| 1 | 64 | 0 | 0 | 64 | 18 |
| 2 | 36 | 0 | 0 | 36 | 6 |
| 3 | 74 | 0 | 0 | 74 | 29 |
| 4 | 76 | 0 | 0 | 76 | 22 |
| 5 | 63 | 3 | 2 | 68 | 23 |
| 6 | 92 | 4 | 3 | 99 | 20 |
| 7 | 20 | 0 | 0 | 20 | 2 |
| 8 | 67 | 0 | 0 | 67 | 11 |
| 9 | 106 | 11 | 0 | 117 | 19 |
| 10 | 22 | 0 | 0 | 22 | 6 |
| 11 | 68 | 0 | 0 | 68 | 11 |
| 12 | 62 | 0 | 0 | 62 | 14 |
| 13 | 53 | 2 | 0 | 55 | 11 |
| 14 | 20 | 0 | 0 | 20 | 1 |
| 15 | 216 | 2 | 1 | 219 | 29 |
| 16 | 77 | 0 | 0 | 77 | 11 |
| ആകെ | 1116 | 22 | 6 | 1144 | 233 |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 50/ 16.02.2019 ന് സഞ്ചയ സോഫ്റ്റ് വെയറിൽ ആദ്യകാല ഡേറ്റാ എൻട്രി നടത്തിയപ്പോൾ ധാരാളം പിശകുകൾ പറ്റിയിട്ടുണ്ടെന്നും നിരവധി വാസഗൃഹങ്ങൾ വാണിജ്യം എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഈവിഷയം പരിഹരിക്കുന്നതിന് സഞ്ചയ പ്യൂരിഫിക്കേഷൻ പ്രവൃത്തികൾ നടന്നുവരുന്നതായും മറുപടി ലഭിച്ചു.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് വരവിനത്തിൽ കുറവ് വരുന്നതിന് സാധ്യതയുണ്ട്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡി ആന്റ് ഒ ലൈസൻസ് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി എന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്ഥിരംസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിടത്തിന്റെ വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്.ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിക്കകത്തെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്തി രാജ് നിയമം വകുപ്പ് 232,233, കേരള പഞ്ചായത്തി രാജ്(അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്തി രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നല്കുകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ടു ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാറ്റിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതുണ്ട്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | 2016ഡിസംബർ 15-ന് മുൻപ് | നടപടിക്രമം പാലിച്ചിട്ടില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനുവരി 15-ന് മുൻപ് | നടപടിക്രമം പാലിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | 2017ജനുവരി 25-ന് മുൻപ് | നടപടിക്രമം പാലിച്ചിട്ടില്ല |

| | | | |
|---|---|---|---|
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | 08.03.2017 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 31.05.2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 08.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 31.03.2017 | 22.03.2017 |

2017-18 സാമ്പത്തിക വർഷത്തെ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയതിനെക്കാൾ / വകയിരുത്താതെ തുക ചെലവഴിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് ഹെഡ് ഓഫ് അക്കൗണ്ട് | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലകളും | 2501001 | 725700 | 977200 |
| 2 | കൃഷിയും അനുബന്ധ മേഖലകളും - മറ്റ് വിളകൾ | 2501002 | 0 | 777300 |
| 3 | കൃഷിയും അനുബന്ധ മേഖലകളും - അനുബന്ധ സൗകര്യങ്ങൾ | 2501026 | 0 | 288000 |
| 4 | മൃഗസംരക്ഷണം - പശു വളർത്തൽ | 2501031 | 0 | 405000 |
| 5 | മൃഗസംരക്ഷണം - ആട് വളർത്തൽ | 2501032 | 796000 | 1312000 |
| 6 | മൃഗസംരക്ഷണം - മുട്ട കോഴി / താറാവ് വളർത്തൽ | 2501035 | 268800 | 405600 |
| 7 | മൃഗസംരക്ഷണം - രോഗ നിയന്ത്രണം | 2501040 | 150000 | 249500 |
| 8 | മൃഗസംരക്ഷണം - അനുബന്ധ സൗകര്യങ്ങൾ | 2501041 | 0 | 51597 |
| 9 | ക്ഷീരവികസനം - സംഭരണവും വിപണനവും | 2501046 | 200000 | 836140 |

| | | | | |
|---|---|---|---|---|
| 10 | മണ്ണ് ജല സംരക്ഷണം | 2502001 | 0 | 100000 |
| 11 | സ്പോർട്സ് | 2511007 | 0 | 26514 |
| 12 | അനൗപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | 2511011 | 0 | 49450 |
| 13 | വിദ്യാഭ്യാസ – അനുബന്ധ പ്രവർത്തനങ്ങൾ | 2511013 | 0 | 813818 |
| 14 | കല – സംസ്കാരം - സ്പോർട്സ് - യുവജനക്ഷേമം - പശ്ചാത്തല സൗകര്യങ്ങൾ | 2511020 | 0 | 35000 |
| 15 | പൊതു ആരോഗ്യ പരിപാടികൾ | 2512002 | 0 | 951000 |
| 16 | ഭവന നിർമ്മാണം | 2513001 | 5610000 | 5705000 |
| 17 | ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 2513006 | 350000 | 707000 |
| 18 | വനിത ക്ഷേമ പരിപാടി | 2513009 | 25000 | 300000 |
| 19 | മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ | 2513012 | 0 | 400000 |
| 20 | വനിതാ ശിശു ക്ഷേമ പരിപാടികൾ | 2514001 | 0 | 110000 |
| 21 | അംഗൻവാടി പോഷകാഹാര പരിപാടി | 2514101 | 1171000 | 1759563 |
| 22 | പദ്ധതി രൂപീകരണം, മോണിറ്ററിംഗ് | 2516005 | 177950 | 256215 |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്റ്റിലെ 214(5)- ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക

ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്.
ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 3-2 നിഷ്ക്രിയമായ അക്കൗണ്ടുകൾ നിർത്തലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2017-18 എ.എഫ്.എസ് B4 ,ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ വർഷങ്ങളായി ചെലവഴിക്കാതെ ശേഷിക്കുന്നു.

| കോഡ് നം. | ഇനം | തുക |
|---|---|---|
| 320100102 | എസ്.ജി.എസ്.വൈ | 1402/- |
| 320200309 | ലിറ്ററസി സ്കീം ഗ്രാന്റ് | 419/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 26/ 11.02.2019 ന് പ്രത്യേക ഉദ്ദേശ്യ പദ്ധതിയായ എസ്.ജി.എസ്.വൈക്കായി ടി.പി.എ 115 നമ്പർ അക്കൗണ്ട് വർക്കല ട്രഷറിയിലാണ് ആരംഭിച്ചതെന്നും ടി.പി.എ അക്കൗണ്ടുകൾ എല്ലാം അവസാനിച്ചെങ്കിലും ഗ്രാമപഞ്ചായത്തിന് വർക്കല ട്രഷറിയിൽ പി.ഡി അക്കൗണ്ട് ഇല്ലാത്തതിനാൽ പ്രസ്തുത അക്കൗണ്ടിൽ അവശേഷിച്ച തുക സെക്രട്ടറിയുടെ പേരിൽ കടയ്ക്കാവൂർ ട്രഷറിയിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിടുന്നത് സംബന്ധിച്ച് ജില്ലാ ട്രഷറി അധികൃതർക്ക് രേഖാമൂലം കത്ത് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഡി.സി.ബി കവലയൂർ ശാഖയിൽ ലിറ്ററസി സ്കീമിനായി ആരംഭിച്ച അക്കൗണ്ട് ക്ലോസ് ചെയ്ത് ബാക്കിയുള്ള തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റുന്നത് സംബന്ധിച്ച വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

ഇത് സംബന്ധിച്ച തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ (7/2014 മുതൽ പരിഷ്കരിച്ച ശമ്പള നിരക്കിലുള്ളത്) അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പരിഷ്കരിച്ച ശമ്പള നിരക്കിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവുവരുത്തിയിട്ടില്ല എന്ന് ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.45/14.02.2019 ന് മറുപടി ലഭിച്ചു.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 സമയബന്ധിതമായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി നിക്ഷേപം നടത്തിയതിൽ ആയവയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ നം./പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ/ ഫണ്ടിനം | ചെലവ് (ബിൽ നം./തീയതി) | നിർവ്വഹണ ഏജൻസി | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 177/18 (കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ) | സെക്രട്ടറി | 16,30,000/-<br>(ധനകാര്യ കമ്മീഷൻ അവാർഡ്) | 14,90,550/- ബിൽ നം. 79/23.10.2017 & 1,39,450/-<br>(ബിൽ നം. 34/2017-18 തീ. 24.02.18 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. (30.04.2018 ൽ കത്ത് നൽകിയിട്ടുണ്ട്, നം.എ2/25/18) |
| 2 | 16/18 (തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ) | | 7,96,400/-<br>(ധനകാര്യ കമ്മീഷൻ അവാർഡ്) | 7,96,400/-<br>(ബിൽ നം. 18/2017-18 തീ. 24.10.17 | കെ.എസ്.ഇ.ബി | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. (04.04.2018 ൽ കത്ത് നൽകിയിട്ടുണ്ട്, നം.എ2/2400/18) |
| 3 | 162/18 (പോസ്റ്റ് മാറ്റി സ്ഥാപിക്കൽ) | | 38,200/-<br>(വികസന ഫണ്ട്-ജനറൽ) | 30488/-<br>(ബിൽ നം. 248/2017-18 തീ. 12.01.18) | കെ.എസ്.ഇ.ബി | 10,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമേ ലഭിച്ചിട്ടുള്ളൂ. |
| | | | 61,800/-<br>(തനത് ഫണ്ട്) | ചെലവില്ല | | |
| 4 | 185/18 (ജലശ്രീ) | കൃഷി ഓഫീസർ | 2,00,000/- (തനത് ഫണ്ട്) | 1,00,000/-<br>(ചെക്ക് നം. 2983877 തീ. 26.03.2018) | ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 5 | 141/18 (അങ്കണവാടികളിൽ കുടിവെള്ള പൈപ്പ് കണക്ഷൻ) | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 90400/- (വികസന ഫണ്ട് - പൊതുവിഭാഗം) | 86832/- (ബിൽ നം. 16/17-18 തീ. 24.01.2018 | കേരള വാട്ടർ അതോറിറ്റി | 68552/-രൂപയ്ക്ക് പ്രവൃത്തി പൂർത്തീകരിച്ചു. 18280/- രൂപ വാട്ടർ അതോറിറ്റിയിൽ നിലനില്ക്കുന്നു. |

നിക്ഷേപ പദ്ധതികൾ നിർവ്വഹിക്കുമ്പോൾ ആയവ യഥാസമയം പൂർത്തീകരിക്കപ്പെടുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥർ ഉറപ്പ് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ച ശേഷം നിർവ്വഹണ ഏജൻസികളിൽ തുക നീക്കിയിരിപ്പുള്ള തുക തിരികെ വാങ്ങുന്നതിനുള്ള നടപടികളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-5 പി.ഡബ്ല്യൂ.ഡി നിശ്ചയിച്ച തീയതിക്ക് മുൻകാല പ്രാബല്യത്തിൽ വാടക കുടിശ്ശിക നൽകി

പ്രോജക്ടിന്റെ പേര് : അനുബന്ധ സ്ഥാപനങ്ങളുടെ കറണ്ട് കുടിശികയും വാടക കുടിശികയും അടവാക്കൽ

പ്രോജക്റ്റ് നം : 188/18

അടങ്കൽ തുക : 75000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

25000/- (തനത് ഫണ്ട്)

ബിൽ നം. തീയതി. തുക : 33/2017-18 24.02.2018, 51597/-

(മെയിന്റനൻസ് ഫണ്ട്- റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

വെറ്ററിനറി സബ്സെന്റർ ആയി പ്രവർത്തിച്ചു വരുന്ന MP/XVI/199 -ാം നമ്പർ കെട്ടിത്തിന് വാടക കുടിശിക നൽകുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. 2014 ജനവരി 2 മുതൽക്കാണ് കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ളതെന്ന് ഫയൽ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകൾ പ്രകാരം കെട്ടിടത്തിന്റെ വാടക 09.08.2016 മുതൽ 1053/- രൂപ പ്രതിമാസം നൽകാമെന്നാണ് പി.ഡബ്ല്യു.ഡി, നിശ്ചയിച്ച് നൽകിയത് (സർട്ടിഫിക്കറ്റ് നമ്പർ 01/AE/17-18 തീയതി, 31.08.2017).എന്നാൽ 15.12.2017 ലെ കമ്മിറ്റി തീരുമാനം 40(1) പ്രകാരം പി.ഡബ്ല്യൂ.ഡി നിശ്ചയിച്ച വാടകയുടെ അടിസ്ഥാനത്തിൽ 02.01.2014 മുതൽ മുൻകാല പ്രാബല്യത്തോടെയും തുടർന്നും വാടക നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. രേഖകൾ പ്രകാരം കെട്ടിട വാടക 09.08.2016 മുതൽ 1053/- രൂപ മാത്രമാണെന്നിരിക്കെയാണ് ഭരണസമിതി വാടകയ്ക്ക് 02.01.2014 മുതൽ മുൻകാല പ്രാബല്യം നൽകിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 02/2014 മുതൽ 02/2018 വരെ (49 മാസം) വാടക മെയിന്റനൻസ് ഫണ്ട്- റോഡിതരം-ൽ നിന്നും 51597/- രൂപ ശ്രീമതി.സുശീല,.എൻ, ശ്രീചക്രം, മെഡിക്കൽ കോളേജ് (പി.ഒ) എന്നയാൾക്ക് നൽകുകയും ചെയ്തു.

കെട്ടിടത്തിന്റെ ഉടമ ശ്രീമതി.ശാരദ, തെക്കേവിള, കവലയൂർ ആണെന്നും തുടർന്ന് ഉടമസ്ഥാവകാശം ശ്രീമതി.സുശീല പേർക്ക് മാറ്റിയിട്ടുണ്ടെന്നും ഫയൽ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ രണ്ടു വ്യക്തികളുമായും ശരിയാവിധം കരാറിൽ ഏർപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. (കരാർ വ്യവസ്ഥകൾ രേഖപ്പെടുത്താതെ ശൂന്യമായ മുദ്രപ്പത്രങ്ങളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.) കൂടാതെ ഒന്നാം ഉടമയായ ശ്രീമതി.ശാരദയും രണ്ടാം ഉടമയായ ശ്രീമതി.സുശീലയും സമർപ്പിച്ചിട്ടുള്ള മുദ്രപത്രങ്ങളും വിരുദ്ധമായ തീയതികളിലാണ്. വിശദമായ നാൾവഴികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പദ്ധതി തയ്യാറാക്കിയത് | 02/2017 |
| 2 | പി.ഡബ്ല്യൂ.ഡി വാടക നിശ്ചയിച്ച് നൽകിയത് | 31.08.2017 |
| 3 | ശ്രീമതി.സുശീലയ്ക്ക് 02.01.2014മുൻകാല പ്രാബല്യത്തോടെ വാടക നൽകുവാൻ പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തിയത് [തീരുമാനം നം.40(1)] | 15.12.2017 |
| 4 | ശ്രീമതി.സുശീല സമർപ്പിച്ചിട്ടുള്ള മുദ്രപത്ര തീയതി (രണ്ടാം ഉടമ) | 18.12.2017 |
| 5 | ശ്രീമതി.ശാരദ സമർപ്പിച്ചിട്ടുള്ള മുദ്രപത്ര തീയതി (ഒന്നാം ഉടമ) | 29.12.2017 |
| 6 | ശ്രീമതി.സുശീല വാടക കുശികയ്ക്കായി അപേക്ഷ സമർപ്പിച്ച തീയതി (രണ്ടാം ഉടമ) | 11.01.2018 |
| 7 | വാടക കുടിശിക നൽകിയ തീയതി<br>(02/2014 മുതൽ മുൻകാല പ്രാബല്യത്തിൽ) | 24.02.2018 |

മേൽപ്പറഞ്ഞ നാൾവഴികളിൽ നിന്ന്, അപേക്ഷ ലഭിക്കുന്നതിന് മുമ്പ് വാടക കുടിശിക നൽകുന്നതിനുള്ള തീരുമാനവും ആദ്യ ഉടമ കരാർപത്രം നൽകുന്നതിനു മുമ്പ് രണ്ടാം ഉടമ കരാർപത്രം നൽകിയതും സാമാന്യയുക്തിക്ക് നിരക്കാത്തതാണ്. നടപടിക്രമങ്ങളിലെ പാളിച്ചയിലേക്കാണിത് വിരൽ ചൂണ്ടുന്നത്.

ഇതിനു പുറമേ പി.ഡബ്ല്യൂ.ഡി വാടക നിശ്ചയിച്ചു നൽകിയ തീയതിയായ 09.08.2016 ന് 02/2014 മുതൽ മുൻകാല പ്രാബല്യം നൽകിയതും യുക്തിഭദ്രമല്ല. കൂടാതെ 09.08.2016 ന് മുമ്പുള്ള കാലയളവിൽ ഏതു നിരക്കിൽ വാടക നൽകാമെന്ന് വിദഗ്ധാഭിപ്രായം (പി.ഡബ്ല്യൂ.ഡി-യിൽ നിന്ന്) വാങ്ങാതെയാണ് വാടക

കുടിശിക നൽകിയിട്ടുള്ളത്. ആയതിനാൽ ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥന്റെയും നടപടികൾ വീഴ്ചയായി കണക്കാക്കുന്നു. 01/2014 മുതൽ 07/2016 വരെ (31 മാസം) നൽകിയ വാടകകുടിശികയായ 32,643/- രൂപ തടസ്സപ്പെടുത്തുന്നു. ആയതിനാൽ പ്രസ്തുത കാലയളവിലെ വാടക സംബന്ധിച്ച് വ്യക്തത വരുത്തി അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - വിലകൾക്ക് ഏകീകൃത സ്വഭാവമില്ല.

സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലേക്കും ഘടക സ്ഥാപനങ്ങളിലേക്കും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുള്ളതാണ്. പദ്ധതികളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഒരേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറിനും പ്രിന്ററുകൾക്കും വ്യത്യസ്തമായ നിരക്കിലാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ നം./പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ/ഫണ്ടിനം | ഉപകരണം | വില | ഏജൻസി |
|---|---|---|---|---|---|---|
| 1 | 196/18 (പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ) | സെക്രട്ടറി | 41500/- (വികസന ഫണ്ട്)<br>18500/- (തനത് ഫണ്ട്) | കമ്പ്യൂട്ടർ (1)<br>പ്രിന്റർ (1)<br>സ്കാനർ (1)<br>കീ ബോർഡ് (1) | 36900/-<br>14900/-<br>4500/-<br>850/- | എസെൻഷ്യൽസ്, പാലസ് റോഡ്, ആറ്റിങ്ങൽ |
| 2 | എം.ജി.എൻ.ആർ.ഇ.ജി. എസ്സിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | സെക്രട്ടറി | ഭരണച്ചെലവ് | കമ്പ്യൂട്ടർ (2)<br>പ്രിന്റർ (1) | 55700/-<br>15800/- | എസെൻഷ്യൽസ്, പാലസ് റോഡ്, ആറ്റിങ്ങൽ |
| 3 | 199/18 (കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ) | കൃഷി ഓഫീസർ | 50000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | കമ്പ്യൂട്ടർ (1)<br>പ്രിന്റർ (1)<br>പ്രിന്റർ (1) | 24000/-<br>11500/-<br>14400/- | വിൻസ്റ്റാർ സിസ്റ്റംസ്, ആറ്റിങ്ങൽ |

മേൽപ്പറഞ്ഞതിൽ നിന്നും കമ്പ്യൂട്ടറുകളുടെയും ലേസർ പ്രിന്ററുകളുടെയും നിരക്കിലുള്ള വ്യത്യാസം പ്രകടമായി കാണാം. മാത്രവുമല്ല ഒരേ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ കമ്പ്യൂട്ടറിനും പ്രിന്ററിനും വിലയിലുള്ള വ്യത്യാസം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഗ്രാമപഞ്ചായത്തിനെയും ഘടക സ്ഥാപനങ്ങളെയും ഒരു യൂണിറ്റായി കണക്കാക്കി, ആവശ്യകതാനിർണയം നടത്തി, ഒരുമിച്ച് ടെണ്ടർ നൽകിയിരുന്നുവെങ്കിൽ ഏകീകൃത നിരക്കിൽ മേൽപ്പറഞ്ഞ ഉപകരണങ്ങൾ ലഭ്യമാകുമായിരുന്നു. ആയതിനാൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 സേവന നികുതി ഒടുക്കു വരുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ടിന്റെ പേര് : പഞ്ചായത്ത് ഓഫീസ് നവീകരണം

പ്രോജക്ട് നം. : 72/18

നിർവ്വഹണഉദ്യോഗസ്ഥ : അസി.എൻജിനീയർ

അടങ്കൽ തുക : 648886/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ബിൽ നം. തീയതി. തുക : 12/17-18, 21.7.2017, 274905/-

കരാറുകാരൻ : ബൽരാജ് . റ്റി.

എം. ബുക്ക് : 130/16-17

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ സേവന നികുതി തുകയായി കരാറുകാരന് 45,041/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഒടുക്കു വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(41/14.02.2019) പ്രസ്തുത തുക ഒടുക്കു വരുത്തുന്നതിന് വേണ്ടി കരാറുകാരന് രേഖാമൂലം അസി.എൻജിനീയർ നിർദേശം നൽകിയിട്ടുണ്ടെന്നും രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. നിലവിൽ കരാറുകാരൻ മരണപ്പെട്ടതു കാരണം അവകാശിയോട് രേഖകൾ ആവശ്യപ്പെടാമെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-8 എ ബി സി പ്രോഗ്രാം - മുഴുവൻ രേഖകളും ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ : SOO102/18

ഫണ്ട് : വികസനഫണ്ട്

വകയിരുത്തൽ 200000(വികസന ഫണ്ട് 100000 , തനതുഫണ്ട് 100000 രൂപ)

ചെലവ് 199500 (വികസന ഫണ്ട് 100000, തനതുഫണ്ട് 99500 രൂപ )

ബിൽ നമ്പർ.3 / തീയതി 29-11–2017

കുടുംബശ്രീയുടെ സഹായത്തോടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പിടിക്കുന്ന തെരുവുനായകളെ ബ്ലോക്ക് തലത്തിൽ സജ്ജീകരിച്ചിട്ടുള്ള എ.ബി.സി സെന്ററിൽ വച്ച് വന്ധീകരിക്കുകയും പേവിഷബാധയ്ക്കെതിരെ കുത്തിവയ്പ്പ് എടുത്തതിനുശേഷം പിടിച്ച സ്ഥലങ്ങളിൽ തന്നെ തിരിച്ചുവിടുന്നതുമാണ് പദ്ധതി. ആയതിലേക്കുള്ള ചെലവ് തുകയായ 199500/-രൂപ കുടുംബശ്രീ മിഷന് നൽകിയിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം 95 നായകളെ സർജറി നടത്തിയതായുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെങ്കിലും നായകളെ സർജറി നടത്തിയതിന്റെ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി ( 59/19-2-19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്താൽ 199500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 പശു വളർത്തൽ പദ്ധതി - ബാങ്ക് ലോൺ അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ :വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ : SOO 80/18

പ്രോജക്ടിന്റെ പേര് : പശു വളർത്തൽ പദ്ധതി ( സ്പിൽ ഓവർ)

വകയിരുത്തൽ 2675000(വികസനഫണ്ട് - 975000, ബാങ്ക് ലോൺ 1700000)

ചെലവ് 405000/- രൂപ ( വികസനഫണ്ട് ) , ബാങ്ക് ലോൺ 1080000

ബിൽ നമ്പർ /തീയതി 1. 1/17-18, തീയതി 14-8-17 തുക 180000-രൂപ

2. 2/17-18, തീയതി 5-12-17 തുക 15000/-രൂപ

3. 3/17-18, തീയതി 26-3-18 തുക 120000/-രൂപ

4 . 15 /17-18, തീയതി 27-3-18 തുക 60000/--രൂപ

5. 5 /17-18, തീയതി 28-3-18 തുക 30000/-രൂപ

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മണമ്പൂർ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുമുള്ള 30-3-17, 26-4-17, 24-5-17 തീയതികളിലെ കത്തിൽ മേൽ പ്രോജക്ടിലേക്കായി 13 ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ച് കൊണ്ടുള്ള അറിയിപ്പാണ് പഞ്ചായത്തിന് ലഭിച്ചത്. പ്രസ്തുത ലിസ്റ്റിൽ നിന്നുമുള്ള 6 ഗുണഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി തുക (ബാങ്കിൽ) അനുവദിച്ചിരിക്കുന്നത് (ബിൽ നമ്പർ 1/17-18, തീയതി 14-8-17 തുക 180000/-രൂപ). എന്നാൽ ലിസ്റ്റിൽപ്പെടാത്ത ശ്രീമതി സാഫിതാബീവി, ഉഷാകുമാരി, നിമ്മി പി വി, സാഫുന്നിസ, സാജിത, നസീമ എന്നീ ഗുണഭോക്താക്കൾക്കും സബ്സിഡി (ബാങ്കിൽ) നൽകിയിട്ടുണ്ട്. നിമ്മി പി വി, സാഫുന്നിസ എന്നീ ഗുണഭോക്താക്കൾക്ക് I O B യിലേക്കാണ് സബ്സിഡി നൽകിയിരിക്കുന്നത്. I O B യിൽ നിന്നും ലോൺ അനുവദിച്ചത് സംബന്ധിച്ച അറിയിപ്പൊന്നും ഫയലിൽ ഇല്ല.

2. ലോൺ അനുവദിച്ച് നൽകുന്നതാണെന്നുള്ള ബാങ്കിൽ നിന്നുമുള്ള 19-1-18 ലെ കത്തിന്റെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 3 പ്രകാരം മാറിയ സബ്സിഡി തുകയായ 120000/- രൂപ പൗർണമി , സുനന്ദിനി എന്നീ ഗ്രൂപ്പുകൾക്ക് നേരിട്ട് നൽകിയിരിക്കുന്നു. എന്നാൽ ബാങ്ക് ലോൺ അനുവദിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

3. ലോൺ അനുവദിച്ച് നൽകുന്നതിന് ബാങ്ക് തയ്യാറാണെന്നുള്ള ബാങ്കിൽ നിന്നുമുള്ള 28-3-2018 ലെ കത്തിന്റെ അടിസ്ഥാനത്തിൽ 6 ഗുണഭോക്താക്കൾക്കും കൂടി സബ്സിഡി ബാങ്കിൽ നൽകി. എന്നാൽ ബാങ്ക് ലോൺ അനുവദിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

4. സ്പിൽ ഓവർ പ്രോജക്ടുകൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്നിരിക്കെ വികസനഫണ്ടിൽ നിന്നും 975000/- രൂപ വകയിരുത്തിയ പ്രോജക്ടിൽ ആകെ ചെലവഴിക്കാനായത് 405000/- രൂപ മാത്രമാണ്.

മേൽ അപാകതയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (60/19-2-19) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 405000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 ഭവനപുനരുദ്ധാരണം - അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല

ജനറൽ വിഭാഗത്തിൽപ്പെട്ട 16 ഗുണഭോക്താക്കൾക്ക് 100000/- രൂപ വീതവും എസ് സി വിഭാഗത്തിൽപ്പെട്ട 16 ഗുണഭോക്താക്കൾക്ക് 150000/- രൂപ വീതവും സബ്സിഡി നൽകുന്നതിനായി വി.ഇ.ഒ യുടെ നിർവഹണത്തിൽ നടപ്പാക്കിയതാണ് ഭവനപുനരുദ്ധാരണ പദ്ധതി (ജനറൽ) ഭവനപുനരുദ്ധാരണ പദ്ധതി (എസ്.സി) എന്നിവ. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പേര് | വകയിരുത്തൽ | ചെലവ് | ബിൽ നമ്പർ/ തീയതി | പ്രവൃത്തി പൂർത്തീകരിക്കാത്ത | കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഗുണഭോക്താവിന്റെ പേര് | |
| 1 | ഭവനപുനരുദ്ധാരണം ജനറൽ ( SO 158/18) | 1600000 (വികസന ഫണ്ട്) | 1525000 | 248/20-3-18, തുക 25000 | സുധീർ എം, സൽമാ മൻസിൽ പെരുംകുളം | 25000 |
| 2 | ഭവനപുനരുദ്ധാരണം എസ് സി ( SO 156/18) | 2400000 (വികസന ഫണ്ട് എസ് സി പി) | 2250000 | 95/13-11-17, തുക 225000 | ലില്ലി സി, തൈപ്പൂയം, മണമ്പൂർ | 75000 |
| | | | | 239/19.03.18 തുക 150000 | രാജമ്മ എൻ, കാഞ്ഞിരം വിള, മേലതിൽ കുളമുട്ടം | 75000 |

മേൽ പരാമർശിച്ചിരിക്കും പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ 3 ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (52/19-2-19) ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്ന മുറക്കും എ ഇ വാല്യുവേഷൻ നൽകുന്ന മുറക്കും ഇനി ബാക്കി നൽകാനുള്ള തുക കൂടി നൽകുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. ഗുണഭോക്താക്കളെ കൊണ്ട് പ്രവൃത്തി പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. അല്ലാത്തപക്ഷം അഡ്വാൻസ് തുക ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 3-11 അർഹരായ ഗുണഭോക്താക്കളില്ല- പദ്ധതിപ്പണം വകമാറ്റുന്നു.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 15.12.2017 ലെ തീരുമാനം നം.24(1) പ്രകാരം വയോജനങ്ങൾക്ക് കട്ടിൽ (പ്രോജക്ട് നം.121/18) എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കളില്ലാത്തതിനാൽ ഈ പ്രോജക്ടിനു വകയിരുത്തിയ 492000/- രൂപ പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും ആയതിനാൽ ലിസ്റ്റിൽ അർഹതയുള്ള പരമാവധി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനും ബാക്കി വരുന്ന തുക ഫണ്ട് അപര്യാപ്തമായ മറ്റ് പദ്ധതികളിലേക്ക് മാറ്റുന്നതിന് കമ്മിറ്റി തീരുമാനിച്ചതായി കാണുന്നു. രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത കമ്മിറ്റി തീരുമാനപ്രകാരം പ്രോജക്ട് പരിഷ്കരിക്കുകയും അടങ്കൽ തുക 2,88,000/- രൂപയായി നിജപ്പെടുത്തുകയും ചെയ്തു.

പദ്ധതി രൂപീകരണവേളയിൽ നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭയിൽ വ്യക്തമായി അവതരിപ്പിക്കാത്തതിനാലാണ് ഇപ്രകാരം അനർഹരായ വ്യക്തികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുവാനിടയാക്കിയതെന്ന് വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി രൂപീകരണത്തിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുമായും ഗ്രാമസഭയിലും വ്യക്തമായ ആശയവിനിമയം നടക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-12 എസ്.സി. കുട്ടികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രോജക്ടിന്റെ പേര് : എസ്.സി. കുട്ടികൾക്ക് പഠനമുറി

പ്രോജക്ട് നം : 30/18 (സ്പിൽ ഓവർ)

അടങ്കൽ തുക : 400000/- (വികസന ഫണ്ട്-എസ്.സി.പി)

ബിൽ നം. തീയതി. തുക : 4/2017-18 14.07.2017, 100000/-

15/2017-18 08.01.2018, 100000/-

18/2017-18 12.01.2018, 50000/-

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രസ്തുത പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ 2016-17 ൽ ശ്രീ.സുജിത്ത്.എസ്, F/o സായൂജ്.എസ്, സായൂജ് ഭവൻ, തോട്ടയ്ക്കാട് എന്നയാൾക്ക് 21.03.2017ൽ അഡ്വാൻസായി 25000/- രൂപയും രണ്ടാം ഘട്ടമായി 12.07.2017 ൽ 25000/- രൂപയും പഠനമുറി നിർമ്മിക്കുന്നതിനായി നൽകിയിരുന്നു. എന്നാൽ ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. 02.12.2017 ലും 14.02.2018 ലും എസ്-എ2/4457/16 നം കത്ത് പ്രകാരം പണി പൂർത്തിയാക്കണമെന്നും അല്ലാത്തപക്ഷം തുക തിരികെ അടയ്ക്കണമെന്നും അറിയിപ്പ് നൽകിയിരുന്നു. കൂടാതെ തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി 08.02.2018 ൽ തീരുമാനവും എടുത്തിരുന്നു [തീരുമാനം നം.8(2)]. എന്നാൽ തുക തിരികെ ഈടാക്കുന്നതു സംബന്ധിച്ച തുടർ നടപടികൾ ടി കത്തുകളിലും കമ്മിറ്റി തീരുമാനത്തിലും മാത്രം ഒതുങ്ങി. ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുകയുടെ ബാധ്യത നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

## 3-13 സംയുക്ത പ്രോജക്ട്- ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ ശേഷിക്കുന്നു

2015-16 സാമ്പത്തിക വർഷം പകൽ വീട് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനു വേണ്ടി 3 ലക്ഷം രൂപ അനുവദിച്ചതിൽ പ്രസ്തുത വർഷം 199725/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് ബാക്കി തുകയായ 100275/- രൂപ നാളിതുവരെയും ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടിൽ അവശേഷിക്കുന്നു.ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് [G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017]. ഇത് പ്രകാരം മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതും നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ചർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷം ലഭ്യമായ തുക നാളിതുവരെയും മേൽ നടപടികൾ സ്വീകരിക്കാതെ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധയുണ്ടാകേണ്ടതും തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-14 ജാഗ്രതാ സമിതി- ബോർഡ്ഡു സ്ഥാപിക്കലിൽ ഒതുങ്ങി.

പ്രോജക്ടിന്റെ പേര് : ജാഗ്രതാ സമിതി - കൗൺസിലിംഗ്, യോഗ ഇൻസ്ട്രക്ടർക്ക് വേതനം

പ്രോജക്ട് നം. : 24/18

അടങ്കൽ തുക : 35000/- (വികസന ഫണ്ട്- പൊതുവിഭാഗം)

ബിൽ നം. തീയതി. തുക : 22/2017-18 28.03.2018, 35000/-

നിർവ്വഹണോദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

വികസനഫണ്ടിൽ നിന്നും 25000/- രൂപ വകയിരുത്തി ജാഗ്രതാ സമിതിക്ക് സിറ്റിംഗ് ഫീസ് നൽകൽ, കൗമാര പ്രായക്കാർക്ക് കൗൺസിലിംഗ് നൽകൽ, സ്ത്രീകൾക്കും കുട്ടികൾക്കും യോഗ, മോണിട്ടറിംഗ് നൽകൽ എന്നിവയ്ക്കായാണ് പദ്ധതി ആസൂത്രണം ചെയ്ത് അംഗീകാരം നേടിയിരുന്നത്. (ടി.എസ്. നം.44/icds/varkala /manamboor dt.02.07.2017) എന്നാൽ തുടർന്ന് പദ്ധതി പരിഷ്കരിച്ച് അടങ്കൽ തുക 30000/- രൂപയായി വർദ്ധിപ്പിക്കുകയും പദ്ധതി ലക്ഷ്യം ഗ്രാമപഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ബോർഡുകൾ സ്ഥാപിക്കുക എന്നാക്കി മാറ്റി 17 ബോർഡുകൾ സിഡ്കോയിൽ നിന്നും ലഭ്യമാക്കുകയും ചെയ്തു. ജാഗ്രതാ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ കേവലം 03/2017-ൽ (തീയതി രേഖപ്പെടുത്തിയിട്ടില്ല) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. തുടർയോഗങ്ങളോ സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെ സുരക്ഷയ്ക്കോ, പരാതി പരിഹാരത്തിനോ, കൗൺസിലിംഗിനോ, ജെന്റർഡെസ്കുകൾ സ്ഥാപിക്കുന്നതിനോ വേണ്ടുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരം [ജി.ഒ.(എം.എസ്)നം.80/2017 ത.സ്വ.ഭ.വ. തീയതി.03.04.2017] പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും ആയത് കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനും ജാഗ്രത പുലർത്തേണ്ടതാണ്.

## 3-15 എച്ച്.എം.സി രൂപീകരിച്ചിട്ടില്ല

2010- ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ - ചട്ടം 3 പ്രകാരം ഓരോ പഞ്ചായത്തും പ്രസ്തുത പഞ്ചായത്തിന് സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്തുകിട്ടിയ ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ ശരിയായ പരിപാലനം, ആസൂത്രിതവികസനം, പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നീ കാര്യങ്ങൾ നോക്കി നടത്തുന്നതിലേക്കായി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കവിയാത്ത ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റ് മാനേജിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സണും പൊതുജനാരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ അതിന്റെ വൈസ് ചെയർപേഴ്സണും, പൊതുജനാരോഗ്യ സ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ആഫീസർ അതിന്റെ മെമ്പർ- സെക്രട്ടറിയും ആയിരിക്കുന്നതാണ്.

പഞ്ചായത്തിന്റെ കീഴിലുള്ള ഹോമിയോ ഡിസ്പെൻസറിയിൽ ഇത്തരത്തിൽ എച്ച്.എം.സി രൂപീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 3-16 പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങൽ - വ്യവസ്ഥകൾ പാലിച്ചില്ല

പ്രോജക്ട് നമ്പർ : SOO21-/18

ഫണ്ട് : വികസനഫണ്ട്

വകയിരുത്തൽ : 951000/- രൂപ

ചെലവ് : 951000/- രൂപ

നിർവഹണം : മെഡിക്കൽ ഓഫീസർ, സി എച്ച് സി

സബ്സിഡി മാർഗരേഖ പ്രകാരം അലോപ്പതി മരുന്നുകൾ കെ എം സി എൽ മുഖേന മാത്രമേ വാങ്ങാവൂ എന്ന വ്യവസ്ഥ നിലനിൽക്കേ മേൽ പ്രോജക്ടിലേക്കാവശ്യമായ മരുന്നുകളും മറ്റ് ഉപകരണങ്ങളും സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ, ചിറയിൻകീഴിൽ നിന്നും വാങ്ങുകയും ആയതിലേയ്ക്കായി 5,87,185/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ജി.ഒ (എം.എസ്) 80/17/ത.സ്വ.ഭ.വ തീയതി 3-4-2017 സബ്സിഡി മാർഗരേഖ പ്രകാരം കെ എം സി എൽ-ന് ഇൻഡന്റ് നൽകി 2 മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രം ബന്ധപ്പെട്ട എച്ച് എം സി യുടെ ശുപാർശ പ്രകാരം കാരുണ്യ/ നീതി/ ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മുൻനിർത്തി മരുന്ന് വാങ്ങാവുന്നതാണ്. എന്നാൽ കെ എം സി എൽ - ന് ഇൻഡന്റ് നൽകാതെയും എച്ച് എം സി യുടെ ശുപാർശ ഇല്ലാതെയും മേൽ പ്രോജക്ടിലേക്കാവശ്യമായ മരുന്നുകളും മറ്റ് ഉപകരണങ്ങളും മാർഗരേഖയിൽ പരാമർശിക്കാത്ത സപ്ലൈകോ യിൽ നിന്നും വാങ്ങുകയും ആയതിലേക്കായി 5,87,185/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിഷയം ഓഡിറ്റ് എൻക്വയറിയിലൂടെ (നമ്പർ 58/19-2-2019) നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി. അടിയന്തിര സാഹചര്യത്തിലാണ് ഇപ്രകാരം മരുന്ന് വാങ്ങിയതെന്ന് മറുപടി നൽകി. മാർഗരേഖയിൽ നിഷ്കർഷിക്കും പ്രകാരം മരുന്ന് വാങ്ങൽ പ്രക്രിയ നടപ്പിലാക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 3-17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - കൈമാറിയ തുകക്കുള്ള മരുന്ന് ലഭ്യമായില്ല

പ്രോജക്ട് നമ്പർ : SOO28-/18

ഫണ്ട് : വികസനഫണ്ട്

വകയിരുത്തൽ : 75000/- രൂപ

ചെലവ് : 75000/- രൂപ

ബിൽ നമ്പർ /തീയതി 3/17-18, തീയതി 17-10-2017

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 75000/- രൂപനിർവഹണ ഉദ്യോഗസ്ഥയായ ആയുർവേദ മെഡിക്കൽ ഓഫീസർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് സൊസൈറ്റിക്ക് (രസീത് നമ്പർ 3869/25-11-2017)കൈമാറിയെങ്കിലും ആശുപത്രിക്ക് മരുന്ന് ലഭ്യമായത് സംബന്ധിച്ച രേഖകൾ, ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ ഇവ പരിശോധനക്ക് ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ടതിന് [ഓഡിറ്റ് എൻക്വയറി (56/19-2-19)] മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 75000/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-18 എച്ച്.എം നിർവ്വഹണം നടത്തിയ പദ്ധതികൾ - രേഖകളുടെ അഭാവത്തിൽ 916123 /-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നം. | SOO19/18 |
| പേര് | എസ്.എസ്.എ വിഹിതം - ജനറൽ |
| അടങ്കൽ | 400000/- വികസനഫണ്ട് - ജനറൽ |
| ചെലവ് | 400000/- വികസനഫണ്ട് - ജനറൽ |
| ബിൽ നം. | 2/18, 27.09.2017 |
| കൈപ്പറ്റ് വിവരം | ബുക്ക്നം. 455, റസീപ്റ്റ് നം. 045414, 28.09.2017 |

| | |
|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ | 1/30.05.2017, ആര്യോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി |
| ഭരണാനുമതി | 1/ 31.05.2017 |

| | |
|---|---|
| പ്രോജക്റ്റ് നം. | SO172/18 |
| പേര് | എസ്.എസ്.എ വിഹിതം - എസ്സ്.സി.പി |
| അടങ്കൽ | 253555/- വികസനഫണ്ട് - എസ്.സി.പി |
| ചെലവ് | 253555/- വികസനഫണ്ട് - എസ്.സി.പി |
| ബിൽ നം. | 1/18, 27.09.2017, 165200/-<br>4/18, 12.02.2018, 88355/- |
| കൈപ്പറ്റ് വിവരം | ബുക്ക്നം. - 455, റസീപ്റ്റ് നം. 045413,28.09.2017, 165200/- |
| സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ | 1/ 15.01.2018, ആര്യോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി |
| ഭരണാനുമതി | 1(1)/ 17.01.2018 |

ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ 22.01.2018 ലെ എസ്.എസ്.എ(2)/509/ഡി.പി.ഒ/തിരു നമ്പർ കത്ത് പ്രകാരം 803515/- രൂപ ലഭ്യമാക്കാക്കുന്നതിന് ആവശ്യപ്പെട്ടതനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിലേക്കുള്ള എസ്.എസ്.എ പ്രൊജക്ടുകൾക്കുള്ള പഞ്ചായത്ത് വിഹിതമായി 653555/-രൂപ മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിൽ (0819101095546) അടവാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ 88355/- രൂപയുടെ കൈപ്പറ്റ് രേഖ പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകൾക്ക് വേണ്ടി വിവിധ പ്രോജക്ടുകളിലായി എസ്.എസ്.എ ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം എന്നിവയില്ല. കൂടാതെ പ്രോജക്റ്റ് ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് മോണിട്ടറിംഗ് സമിതി (വിദ്യാഭ്യാസം, സംസ്കാരം, കലാ-കായിക- യുവജനക്ഷേമ വർക്കിംഗ് ഗ്രൂപ്പ്) വിലയിരുത്തി സക്ഷ്യപ്പെടുത്തിയിട്ടില്ല.

ഈ അപാകതകൾ കാരണം 653555/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകൾക്ക് വേണ്ടി വിവിധ പ്രോജക്ടുകളിലായി എസ്.എസ്.എ ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് മോണിട്ടറിംഗ് സമിതി വിലയിരുത്തി സക്ഷ്യപ്പെടുത്തേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്റ്റ് നം. | SO131/18 |
| പേര് | സ്കൂളുകൾക്ക് കുടിവെള്ള കണക്ഷൻ |
| അടങ്കൽ | 107956/- ( ധനകാര്യ കമ്മീഷൻ അവാർഡ്)<br>30000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 91868/- ( ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം. | 3/18, 14.02.2018 |

| | |
|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ | 1/15.01.2018, ആര്യോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി |
| ഭരണാനുമതി | 1(1)/ 17.01.2018 |

ഗ്രാമപഞ്ചായത്തിലെ പി.റ്റി.എം.യു.പി.എസ്, മണമ്പൂർ ജി.യു.പി.എസ് സ്കൂളുകൾക്ക് കുടിവെള്ളം ലഭ്യമാക്കാക്കുന്നതിനായി 137956/- രൂപയ്ക്കാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്കായി 26.02.2018 ന് വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടുണ്ട് (കരാർ ഉടമ്പടി നം 1/2017-18). മേൽ പ്രവൃത്തിയിൽ ചുവടെ പറയുന്ന അപാകങ്ങളുണ്ട്

a) കരാർ ഉടമ്പടി ക്രമ നം. 5 ൽ പ്രവൃത്തി ആരംഭിക്കുന്ന തീയതി, പൂർത്തിയാക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

b) കരാർ ഉടമ്പടി ക്രമ നം. 6 പ്രകാരം ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

c)തുകയുടെ കൈപ്പറ്റ് രേഖയില്ല

d) കരാർ ഉടമ്പടി ക്രമനം. 4 പ്രകാരം മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധനയിൽ കണ്ടെത്തുന്ന പോരായ്മകൾ , അപാകതകൾ എന്നിവ പരിഹരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മോണിറ്ററിംഗ് സമിതി പരിശോധിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

മേൽ രേഖകളുടെ അഭാവത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 91868/- രൂപ തടസ്സപ്പെടുത്തുന്നു.
3)

| | |
|---|---|
| പ്രോജക്ട് നം. | SO127/18 |
| പേര് | സാക്ഷരത തുല്യത പരീക്ഷ |
| അടങ്കൽ | 50000/- തനത് ഫണ്ട് |
| ചെലവ് | 49450/- തനത് ഫണ്ട് |
| ചെക്ക് നം. | 8880286, 24.02.2018, 49450/- <br> (tsb account – 701101400000001 ) പ്രകാരം എച്ച്.എം ന് തുക നൽകി |
| സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ | 1/30.05.2017 |
| ഭരണാനുമതി | 1/31.05.2017 |

പ്ലസ് വൺ തുല്യത പരീക്ഷയ്ക്കായി ജനറൽ വിഭാഗത്തിലെ 11 പേർക്ക് അഡ്മിഷൻ ഫീ, രജിസ്ട്രേഷൻ കോഴ്സ് ഫീ എന്നിവയ്ക്കായി (300x11+1950x11) 24750/- രൂപയും പത്താംതരം തുല്യത എസ്.സി വിഭാഗത്തിലെ 25 പേർക്ക് രജിസ്ട്രേഷൻ ഫീസായി (100x25) 2500/- രൂപയും പത്താംംതരം തുല്യത ഒ.ബി.സി വിഭാഗം 12 പേർക്ക് രജിസ്ട്രേഷൻഫീ, കോഴ്സ് ഫീ എന്നിവയ്ക്കായി (12x100 + 1750 x 12)22200/- രൂപയും ഉൾപ്പെടെ ആകെ 49450/- രൂപ ഇതിനായി വിനിയോഗിച്ചു.

ഇതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന രേഖകൾ ലഭ്യമായിട്ടില്ല

a) അടവാക്കിയ തുകയുടെ കൈപ്പറ്റ് രസീത് , തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

b) ഇതുമായി ബന്ധപ്പെട്ട് 48 പഠിതാക്കളുടെ പേര് വിവരം മാത്രമാണ് ഫയലിലുള്ളത് രജിസ്ട്രേഷൻ സംബന്ധിച്ച വിവരം, പരീക്ഷ നടത്തിയ വിവരങ്ങൾ, പരീക്ഷയ്ക്ക് ഹാജരായവരുടെ വിവരം, തുടങ്ങി

പദ്ധതിയുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ ഹാജരാക്കിയില്ല.

c) പദ്ധതിയുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ 49450/- രൂപ തടസ്സപ്പെടുത്തുന്നു.

4)

| | |
|---|---|
| പ്രോജക്ട് നം. | SO125/18 |
| പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
| അടങ്കൽ | 360000/- വികസനഫണ്ട്- എസ്.സി.പി |
| ചെലവ് | 121250/- വികസനഫണ്ട്- എസ്.സി.പി |
| ബിൽ നം. | 6/18, 28.03.2018 |
| സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ | 1/15.01.2018 |
| ഭരണാനുമതി | 1(1)/17.01.2018 |

ഗ്രാമപഞ്ചായത്തിലെ 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണമായി മേശയും കസേരയും (72 എണ്ണം) ടെണ്ടർ ക്ഷണിച്ച് പൊതുമാർക്കറ്റിൽ നിന്നും വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്.

മേൽ പദ്ധതി നടപ്പാക്കിയതിൽ ചുവടെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

a) ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ഗോകുലം ഇൻസ്ട്രീസ് എന്ന സ്ഥാപനത്തിന് കരാർ നൽകുകയും 25 മേശ, കസേര എന്നിവയ്ക്ക് 121250/- രൂപ തുക നൽകുകയും ചെയ്തിട്ടുണ്ട്.(ക്യാഷ് ബിൽ നം. 8/ 27.03.2018). കൈപ്പറ്റ് രസീത് ഫയലിൽ ലഭ്യമല്ല.

b) 25 എണ്ണത്തിൽ 24 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. കൈപ്പറ്റ് രജിസ്റ്ററിൽ 25 പേരിൽ ക്രമ നം 17 കൈപ്പറ്റിയിട്ടില്ല.

c) മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

d) പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 121250/- രൂപ തടസ്സപ്പെടുത്തുന്നു.
മേൽ പദ്ധികളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-19 പദ്ധതി മോണിട്ടറിംഗ് - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. 29.3.2017ലെ സ.ഉ (എം.എസ്)72/2017/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ ഖണ്ഡിക 14.6 പ്രകാരം പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും, അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. വർക്കിംഗ് ഗ്രൂപ്പുകളെ മോണിട്ടറിംഗ് സമിതിയായി അംഗീകരിച്ച് മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണെന്ന നിയമപരമായചുമതല ഗ്രാമ പഞ്ചായത്തിൽ നിർവഹിച്ചിട്ടില്ല. ഇക്കാര്യം

മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ്കമ്മിറ്റികൾ ഉറപ്പുവരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (53/19.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-20 ഓഡിറ്റ് ഇംപാക്റ്റ്

കരാറുകാരന് അധിക തുക നൽകി- ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് തിരികെ ഒടുക്കു വരുത്തി

പ്രോജക്ടിന്റെ പേര് : ശാസ്താ നട ജം. അംഗനവാടി റോഡ് ഐറിഷ്

പ്രോജക്ട് നം. : 150/18

നിർവ്വഹണം ഉദ്യോഗസ്ഥ : അസി.എൻജിനീയർ, L.S.G.D.

അടങ്കൽ തുക : 200000/- (മെയി.ഫണ്ട് റോഡ്)

ബിൽ നം. തീയതി. തുക : 46/17-18, 23.3.2018, 180828/-

കരാറുകാരൻ : സുൽഫിക്കർ. എം.

എം. ബുക്ക് : 128/17-18

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ പ്രവൃത്തി ഇനം 3- Interlocking concrete block pavement- Providing and laying of interlocking concrete block pavement having thickness 80 mm as per drawings of technical specification clause 1504 (od. 52065/17-18) എസ്റ്റിമേറ്റ് പ്രകാരം 158.400$m^2$ @954.29= 151159.54 ആണ്. കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് 158.400$m^2$ @886.000 =140342.40 ആണ്.

എം.ബുക്ക് പേജ് നം. 5-6 പ്രകാരം ചെയ്ത പ്രവൃത്തി 151.6 $m^2$ ആണ്. ആയത് പേജ് നം.13 ൽ ക്യാരി ഓവർ ചെയ്തപ്പോൾ 158.400$m^2$ എന്ന് രേഖപ്പെടുത്തിചുവടെ പറയും പ്രകാരം അധികം തുക കരാറുകാരന് നൽകി.

നൽകിയ തുക = 158.400$m^2$ @886.000 = 140342.40

നൽകേണ്ടിയിരുന്ന തുക = 151.600$m^2$ @886.000 = 134317.60

അധികം നൽകിയ തുക = 6024.80/- രൂപ.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (40/14.02.2019) നൽകിയതിനെ തുടർന്ന് 16.02.2019 ൽ അധിക തുക പ്ലാൻ ഫണ്ടിലേക്ക് (3604-00-911-99-ROP) തിരികെ ഒടുക്കു വരുത്തി.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 125000 | രണ്ടാം വിള സമഗ്ര നെൽകൃഷി വികസനം (11/18) | 125000 | 0 |
| | 2017-18 | 20400 | ജൈവ സമൃദ്ധി (129/18) | 20400 | 0 |
| | 2017-18 | 91000 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (97/18) | 91000 | 0 |
| | 2017-18 | 93720 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (155/18) | 93720 | 0 |
| | 2017-18 | 42420 | വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (186/18) | 42420 | 0 |
| | | | ആകെ | 372540 | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 127500 | രണ്ടാം വിള സമഗ്ര നെൽകൃഷി വികസനം (11/18) | 127500 | 0 |
| | 2017-18 | 20400 | ജൈവ സമൃദ്ധി (129/18) | 20400 | 0 |
| | 2017-18 | 91000 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (97/18) | 91000 | 0 |
| | 2017-18 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (155/18) | 150000 | 0 |
| | 2017-18 | 300000 | വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (186/18) | 300000 | 0 |
| | 2017-18 | 50000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (23/18) | 50000 | 0 |
| | | | ആകെ | 738900 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയതുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് കണക്ഷൻ | 139450 | | 139450 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 816888 | 10000 | 806888 |
| ജില്ലാപഞ്ചായത്ത് | ജലശ്രീ | 100000 | 0 | 100000 |

ജില്ലാപഞ്ചായത്തിന് നൽകിയ വിനിയോഗം ലഭ്യമാക്കാത്ത തുകയുടെ വിശദാംശം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

2017-18 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.ആർ.ടി.നം. 275/2010/LSGD dated 27-01-2010 | 14905500 | 2337488 | 2337488 | | 0 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2007-08<br>3-10 | 2009-10<br>3-7-1 | കുടിവെള്ള പദ്ധതി | 2013-14 സാമ്പത്തിക വർഷം പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ട്. |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

2017-18 വർഷം ചാർജ് / സർചാർജ് ഇനത്തിൽ തുക ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59086583 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59174490 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1628266 |

*(ബി)* *പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 32643 | ശ്രീ.ഷാജഹാൻ.എ, സെക്രട്ടറി |
| 3-8 | 199500 | ഡോ.അഭിലാഷ്.ആർ, വെറ്ററിനറി സർജൻ |
| 3-9 | 405000 | ഡോ.അഭിലാഷ്.ആർ, വെറ്ററിനറി സർജൻ |
| 3-17 | 75000 | ഡോ.രശ്മി, എം.ഒ, ആയുർവേദം |
| 3-18 | 916123 | ശ്രീ.ഉണ്ണികൃഷ്ണൻ നായർ.കെ, എച്ച്.എം |
| ആകെ | 1628266 | |

(*ഡി*) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.ഷാജഹാൻ.എ, സെക്രട്ടറി | - | 'ആഷി,' ആനാട് പി.ഒ, ആനാട് |
| 2 | ശ്രീ.അഭിലാഷ്.ആർ, വെറ്റിനറി സർജൻ | - | പുതുമംഗലശ്ശേരി, കുളങ്ങരഭാഗം, ചവറ പി.ഒ, കൊല്ലം |
| 3 | ഡോ.രശ്മി, മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം | - | 'ഹരിതം,' ചെറുന്നിയൂർ പി.ഒ, വർക്കല |
| 4 | ശ്രീ.ഉണ്ണികൃഷ്ണൻനായർ.കെ, എച്ച്.എം | - | 'അനിത ഭവൻ,' വെള്ളല്ലൂർ പി.ഒ, കിളിമാനൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | |
|---|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7 /808/2018, 11.05.2018 | 1 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു. ഖണ്ഡിക 39 |
| 2004-05 | 23/07/14 | 2 | ലോക്കൽ ഫണ്ട് ഓഡിറ്റ് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ - ഖണ്ഡിക 3.6(എ,ബി) |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7 /808/2018, 11.05.2018 | 2 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്ന ഖണ്ഡിക 3.10<br>സർക്കാർ സാധൂകരണം ലഭിക്കേണ്ടത് 3.7 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7 /808/2018, 11.05.2018 | 3 | സർക്കാർ സാധൂകരണം ലഭിക്കേണ്ടത് 3.1,3.2<br>പ്രാദേശിക പരിശോധന നടത്തേണ്ടത് 3.7 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/ 808/2018, 11.05.2018 | 1 | സർചാർജ് നടപടിക്ക ശുപാർശ ചെയ്തിട്ടുള്ളത് 3.6 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7 /808/2018, 11.05.2018 | 5 | 2.1, 3.4, 3.1, 3.6, 3.7 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി7 /1190/2018, 02.06.2018 | 2 | 2.1.2, 3.4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7 /1190/2018, 02.06.2018 | 1 | 3.7 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി7 /2004/2016, 21.11.2016 | 9 | 2.1, 2.2, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ ജി.പി 7/2137/17, 17.03.2018 | 9 | 2.1, 2.3, 2.4, 2.7, 3.2, 3.3, 3.4, 3.5, 3.6 |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണമ്പൂർ

പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്